## 288

*രീതി : കനിവിൻ കരങ്ങൾ*

നിത്യമാം രക്ഷദാനമായ് തന്നവനേ
നിന്നെ നിത്യം സ്തുതിച്ചിടുന്നേൻ
നിൻനിണം ചൊരിഞ്ഞു വീ‌ടേ    ടുത്തതിനാൽ
നന്ദിയോടെ ഞാൻ പാടിടുമേ

1 ഫറവോന്നടിമയായ് തീർന്നതാം എന്നെ നിൻസുതനാക്കിടുവാൻ
വെടിഞ്ഞു സ്വർഗ്ഗമഹിമയഖിലം
താണുവന്നു മന്നിതിൽ നീ തന്നു ജീവൻ പകരമായ്-

2 കാലിത്തൊഴുത്തതിൽ ഹീനനായ് കാൽവറിയതിലേകനായ്
ദാഹജലത്തിന്നു കേണവൻ നീ
പ്രാണനേകി യാഗമതായ് ചിന്തിരക്തം മറുവിലയായ്-

3 ഉന്നതനാമെൻ ദൈവമേ! പ്രപഞ്ചത്തിൻ പരിപാലകനേ!
അത്ഭുതമീ പാപിയിൽ സ്നേഹം
അവർണ്ണനീയം അഗാധമേ അപ്രമേയം അതിശയമേ-

4 ഈ മഹൽ സ്നേഹത്തെ ഓർക്കുമ്പോൾ
എന്തു ഞാനിതിന്നേകിടുമേ പൊന്നുപാദം തന്നിലണഞ്ഞു
വീണുവണങ്ങി നമിച്ചിടുന്നേ വാഴ്ത്തിപ്പാടി സ്തുതിച്ചിടുന്നേ-    **T.V.S**